സർക്കാർ കോട്ടയിലെ പ്രഫഷണൽ ബിരുദ കോഴ്സുകൾക്ക് അഡ്മിഷൻ

8(4610) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഫഷണൽ ബിരുദ കോഴ്സുകൾക്ക് സർക്കാർ കോട്ടയിൽ അഡ്മിഷൻ നേടുകയും അവസാന ഘട്ടത്തിൽ സീറ്റ് നഷ്ടപ്പെടുത്തി ഇതര സ്ഥാപനങ്ങളിൽ അഡ്മിഷൻ തേടിപ്പോയ കേസുകൾ നടപ്പ് അദ്ധ്യയനവർഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുന്നവരുടെ മേൽ ചുമത്താവുന്ന പിഴയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ആയതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നതിനു സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട അവസരം ഇപ്രകാരം നഷ്ടപ്പെടുത്തുന്ന പ്രവണത വരും വർഷങ്ങളിൽ ഉണ്ടാകാതിരിക്കാൻ മാതൃകാപരമായ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്. സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല.

(ബി) പ്രവേശനം അവസാനിപ്പിച്ചതിനുശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും പഠനം നിർത്തിപ്പോയാൽ 50,000 രൂപ പിഴ ഈടാക്കുന്നതാണ്. എന്നാൽ മറ്റ് സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നിന്നും പഠനം നിർത്തിപ്പോയാൽ 75,000 രൂപ പിഴ ഒടുക്കണം. SC/ST/OEC, 75,000-ൽതാഴെ വാർഷിക വരുമാനമുള്ള കേരളീയർ എന്നിവരെ പിഴ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് നഷ്ടപ്പെടുത്തുന്ന എല്ലാവർക്കും 75,000 രൂപ പിഴ ബാധകമാണ്. സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സീറ്റ് നഷ്ടപ്പെടുത്തുന്ന എല്ലാവർക്കും പത്ത് ലക്ഷം രൂപ പിഴ ബാധകമാണ്. എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിൽ സർക്കാർ സീറ്റ് നഷ്ടപ്പെടുത്തിയവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനാവശ്യ ഓപ്ഷനുകൾ നൽകി അവസാനഘട്ട അലോട്ട്മെന്റിൽ സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുന്നവർക്കും സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി അവസാനഘട്ടത്തിൽ സീറ്റ് നഷ്ടപ്പെടുത്തി ഇതര സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിപ്പോയവർക്കെതിരെ ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നവീകരണം

9(4611) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടക്കാത്തതുകൊണ്ട് ക്ലാസ്സ് സമയങ്ങളിൽ കോൺക്രീറ്റ് അടർന്നു വീഴുന്നതു പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളുടെയും മറ്റ് നവീകരണ പ്രവൃത്തികളുടെയും അടിയന്തര പ്രാധാന്യം മുൻനിർത്തിയും ആയതിന്മേൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അംഗീകരിച്ചുമാണ് കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ യഥാസമയം നവീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചുവരുന്നത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

10(4613) ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമേഖലയിൽ തുടർന്നും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതേവരെ എത്ര കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly